"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/264/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 31-07-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പോകാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകുന്ന സാഹചര്യം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.1

**********************

പല തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾ പൂർത്തിയാകുമ്പോൾ ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പോകാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകുന്ന സാഹചര്യം അപൂർവ്വമായി ഉണ്ടാകുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താവിന്റെ / സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ കൃത്യമായി രേഖപ്പെടുത്താത്തതുകൊണ്ടും സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ട്രഷറിയിലെ നിജസ്ഥിതി നിർവ്വഹണ ഉദ്യോഗസ്ഥൻ അന്വേഷിച്ച് പിശക് പരിഹരിക്കാത്തതുകൊണ്ടുമാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥയാണ്. ഇതൊഴിവാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും (അതത് തദ്ദേശ ഭരണ സ്ഥാപനം മുഖാന്തരം)
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 01-08-2023 11:32:36

സെക്ഷൻ ഓഫീസർ.